# E

# space



കടമ്പകൾ കൊണ്ട് നിർമിച്ച അഴികൾ ഈ ഗ്രാമത്തിന്റെ അതിർത്തിയിൽ ഉണ്ടായിരുന്നുവെന്നും അതുകടംന്ന് വന്നാൽ ഈ ഗ്രാമത്തിൽ എത്താം എന്ന് മായിരുന്നു വിശ്വാസം . കടമ്പഴിപ്പുറം ഹൈസ്കൂൾ 70 വർഷം മുൻപ് സ്ഥാപിക്കപ്പെട്ടു .അന്ന് ഈ പ്രദേശത്തു 25 കിലോമീറ്ററിനുള്ളിൽ വേറെ വിദ്യാലയങ്ങൾ ഉണ്ടായിരുന്നില്ല . അതുകൊണ്ടുതന്നെ ഈ പ്രദേശത്തുള്ള എല്ലാ വിഭാഗം ജനങ്ങളുടെയും ഏക ആശ്രയം ഈ വിദ്യാലയ മായിരുന്നു . അതുകൊണ്ടുതന്നെ എന്ന് ലോകത്തെമ്പാടും കടമ്പഴിപ്പുറം ഹൈസ്കൂളിൽ പഠിച്ച വിദ്യാർത്ഥികൾ പല മേഘലകളിലായി സേവനം അനുഷ്ഠിക്കുന്നതായി കാണാം

യു.പി വിഭാഗത്തിൽ 7 ഡിവിഷനും ഹൈസ്കൂൾ വിഭാഗത്തിൽ 21 ഡിവിഷനും ഉണ്ട്. വിശാലമായ അടുക്കള വലിയ ഗ്രൗണ്ട് ധാരാളം തണൽ മരങ്ങൾ എന്നിവ ഈ വിദ്യാലയത്തിന്റെ പ്രത്യേകതള് ആണ്.ഹൈസ്കൂൾ , വിഭാഗത്തിലെ എല്ലാ റൂമുകളും ഇപ്പോൾ ഹൈടെക് അയി

==സ്കൂളിന്റെ മുൻ പ്രധാനാദ്ധ്യാപകർ== 1. SRI. C S GUPTHAN ,SRI RAMAK RISHNA GUPTHAN SRI.NAMBOODIRIMASTER, BASK ARAN NAIR MASTER, P A RADHAK RISHNAN ,MALTHY TEACHER ,PARUK UTTY TEACHER, MUK UDAN



റവന്യൂ ജില്ല

പാലക്കാട്

വിദ്യാഭ്യാസ ജില്ല

മണ്ണാർക്കാട്

ഉപജില്ല

ചെർപ്പുളശ്ശേരി

പ്രധാന അദ്ധ്യാപകൻ

സി നാരായണൻ

പി ടി എ പ്രസിഡണ്ട്

ടി രാമകൃഷ്ണൻ

# ഹൈസ്കൂൾ കടമ്പഴിപ്പുറം



വിവരസാങ്കേതിക
വിദ്യഭ്സരംഗത്തു മികച്ച
പ്രകടനം നടത്തിവരുന്ന
കടമ്പഴിപ്പുറം ഹൈ സ്കൂൾ
വിദ്യാർത്ഥികൾ തയാറാകുന്ന
ഈ–മാഗസിൻ വേറിട്ടൊരു
പ്രവർത്തനം ആണ്. ഇതിനു
വേണ്ടി പ്രവർത്തിച്ച എല്ലാ
ലിറ്റിൽ കൈറ്റസ്
അംഗങ്ങൾക്കും ആശംസകൾ



ഹെഡ് മാസ്റ്റർ സി നാരായണൻ

**കടമ്പഴിപ്പുറം ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ കൂട്ടായ്മ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.... സാങ്കേതിക വിദ്യയുടെ വിസ്മയലോകത്തേക്ക് എല്ലാവരേയും കൂട്ടിക്കൊണ്ടു പോവുന്നതാവട്ടെ ഈ മാഗസിൻ എന്ന് പ്രത്യാശിക്കുന്നു....**



സി എസ് കൃഷ്ണകുമാർ

കടമ്പഴിപ്പുറം ഹൈസ്കൂളിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ് വിദ്യാർഥികൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാർ ചെയ്യുന്നു എന്നറിഞ്ഞ തിൽ വളരെ സന്തോഷം തോന്നി യൂണിറ്റിന് എല്ലാവിധ ആശംസകളും നേരുന്നു.... ഒരുപാട് കുട്ടികൾക്ക് പ്രയോജനപ്രദമായ കമ്പ്യൂട്ടർ പരിജ്ഞാനം കൂടുതൽ മെച്ചപ്പെടുത്താൻ ഇത്തരം യൂണിറ്റുകൾക്ക് കഴിയും....

എല്ലാവിധ ആശംസകളും നേരുന്നു

NCC HS Katampazhipuram 2022-2024



SOPANAM PHOTOGRAPHY

# The untold stories of the fallen stars

Reddish  petals of the rose
Seems tattered on the ground
And hopeful desires
Ruinedby the buring clouds

The past which the son
Borrowed from his old
Killing the rising dawn
And fading the glistening stars

Fearful laughs
And shiverful bewails
Sways in wind
With the holded breath

Peace is away
Afar the brooding silence
In the greedy arms
With a wistful  faith

Who can illume the past
That glows in bursted dreams?
Who can adorn the thoughts
That creeps in bursted screams?

NINA VS 9A

## ചിരി

ചിരിയുണ്ടാകുന്നതോ
നന്മ നിറഞ്ഞ രഹസ്യങ്ങളിൽ
സൗഹൃദങ്ങളിൽ സന്മനസുള്ളവരിൽ മാത്രമാണെങ്കിൽ!
എന്നോ നഷ്ടപ്പെട്ട ചിരി
ഓർത്തെടുക്കാനാവില്ലലൊരിക്കലും!!!
നടന്നുപോകുന്നവനെ - കടക്കാരനാക്കുന്ന കച്ചവട
മാസ്മരീകത തിരിച്ചറിയാനാവാതെ
സുഖ ദുഃഖങ്ങളിൽ കുഴഞ്ഞ്
തിരിന്നുനോക്കാനാവാതെ മോഹങ്ങളും സ്വപ്നങ്ങളും
ഉയർന്ന മന്നകൂമ്പരത്തിനുചിയിൽ
ചെന്നുലയുന്നു
സ്വയം ചോദ്യചിഹ്നമാകുന്നു
കടക്കെണിയിൽ വീണ ശരീരം
കൂട്ടമായി തെറ്റിവീണു പൊടിയുമ്പോൾ
ചിരിയെന്നാഭിലശം
ഈ മണ്ണിൽ തീർത്തൊരു മുഖം മൂടിയാകുന്നു

ARCHANA V 8F

# വായനക്കുറിപ്പ്

. മീനുവിന്റെ കൂട്ടുകാർ

കുന്നിമണികൾ എന്ന കഥയിലെ ഒരു കൊച്ചു കഥയാണ് മീനുവിൻ്റെ കൂട്ടുകാർ. മീനുവിൻ്റെ ഏട്ടൻ്റെ വായന മുറിയിലേക്ക് കയറി. ഒരു മൂലയിലേക്ക് പതുങ്ങി ഇരുന്നു. ഒളിച്ചു കളിയാണ്! കൂട്ടുകാരാരെങ്കിലും വരുന്നുണ്ടോ? ഏന്തി വലിഞ്ഞ് നോക്കി.ആരോ വിളിക്കുന്നു." മീനു" ആരെയും കാണുന്നില്ലല്ലോ. മീനു ചുറ്റും നോക്കി' മീനു മോളേ, ഇങ്ങോട്ട് നോക്കൂ. ഞാനാണ്. അവൾ അത്ഭുതപ്പെട്ടു. അലമാരയ്ക്കുള്ളിലെ പുസ്തകങ്ങളിലൊന്നാണ് അവളെ അത്ര കാര്യമായി വിളിക്കുന്നത്. മീനു അങ്ങോട്ട് ചെന്നു "എന്താണ് നിൻ്റെ പേര് "?മീനു ചോദിച്ചു. "എൻ്റെ പേര് പഞ്ചതന്ത്ര കഥകൾ? ഞാൻ എത്ര നാളായി മീനുവിനെ കാത്തിരിക്കുന്നു. ധാരാളം നല്ല കഥകൾ എനിക്കറിയാം വരൂ.എൻ്റെ പേജുകൾ മറിച്ച് നോക്കൂ " പുസ്തകം അവളെ ക്ഷണിച്ചു. മീനു പുസ്തകത്തിൻ്റെ പേജുകൾ ഒന്നൊന്നായി മറിച്ച്നോക്കി. ഹായ് നിറയെ ചിത്രങ്ങൾ, കഥകൾ. സിംഹത്തെ കിണറ്റിൽ ചാടിച്ച മുയലിൻ്റെ കഥ. നിലത്തിൽ വീണ കുറുക്കൻ രാജാവ് ചമഞ്ഞ കഥ... എത്രയെത്ര കഥകൾ. ത്രാസ് എലി തിന്നെന്നു കള്ളം പറഞ്ഞ വ്യാപാരിയുടെ കഥ കണ്ടപ്പോൾ മീനു തുള്ളിച്ചാടി." ഈ കഥ ഞാൻ കഴിഞ്ഞ വർഷം പഠിച്ചതാണല്ലോ." അവൾ പറഞ്ഞു. പുസ്തകം ചോദിച്ചു:"എന്നെ ഇഷ്ടമായോ?" മീനു സ്നേഹപൂർവ്വം പറഞ്ഞു: "വളരെ ഇഷ്ടമായി."




മീനുവിൻ്റെ കൂട്ടുകാർ എന്ന കഥയാണ് ഇത്. വായനാക്കുറിപ്പ്

എനിക്ക് പ്രേതകഥകൾ വളരെ ഇഷ്ടമാണ ്. അതു പോലെ തന്നെ അതിനെ കുറിച്ച് അറിയാനും വളരെ താൽപ്പര്യമാണ്. അതുകൊണ്ട് വായനാശാലയിൽ പോയപ്പോൾ ഒരു പ്രേതത്തിൻ്റെ രഹസ്യങ്ങൾ അറിയണം എന്ന കൗതുകത്തിൽ ഞാൻ ഒരു പുസ്തകം എടുത്തു. വായിച്ചാൽ പേടിപ്പെടുത്തും. എന്നാലും അറിയണം എന്ന ആ കാംഷ . ഞാൻ വായിക്കാൻ തുടങ്ങി. നിഗൂഡമായ പല കാര്യങ്ങളു ഉണ്ടായിരുന്നു. പുസ്തകത്തിൽ അതു മാത്രമല്ല പ്രേതങ്ങൾ ശരിക്കും ഇല്ല. എന്നുണ്ടെങ്കിലും വിശ്വാസം ഉണ്ട്. എനിക്ക്.പുസ്തകത്തിഇല്ലാത്തതായ കാര്യങ്ങൾ ഞാൻ ഫോണിൽ നോക്കിയിരുന്നു . അതിൽ പല ശാസ്ത്രജ്ഞൻമാരും കണ്ടുപിടിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും നടന്നിട്ടില്ലേ.



# ജ്ഞാനം

ഇരുട്ട്
എന്നോടു പറയുന്നു
ഞാൻ നിനക്കൊപ്പമുണ്ട്
നിന്നിലുണ്ട്.

എൻ്റെ വർണ്ണത്തെ
വർണ്ണമായറിയാൻ
എന്നെയറിയാൻ
നിനക്കാകുമോ.
ഒരു കുഞ്ഞുപ്രകാശനാളത്തെ
പ്രതീക്ഷയുടെ കിരണമാക്കാൻ
എനിക്കല്ലാതെ
ആർക്കാണു സാധിക്കുക.

എന്നിലെ മോഹത്തെ
ആഴത്തിലുൾച്ചേർക്കാൻ
അനന്തതയിലെ
നിമിഷതാരമാകാൻ
നീയെനിക്കൊപ്പമുണ്ടോ?

ശ്രീജ കുറുവാന്തൊടി









# എഡിറ്റോറിയൽ ബോർഡ്






